ശ്രീ. ടി. വി. ദേവൻ: കുട്ടനാട്ടിൽ മഴക്കാലങ്ങളിൽ കലക്കവെള്ളവും വേനൽക്കാലത്ത് ഓരുവെള്ളവുമാണെന്ന അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയും സംഭവിച്ചേക്കാം.

ശ്രീ. എ. പി. ഉദയഭാനു: കുട്ടനാടിനെസംബന്ധിച്ചു മാത്രമല്ല, പൊതുവെ തിരുവിതാംകൂറിൽ പല സ്ഥലത്തും ശുദ്ധജലത്തെസംബന്ധിച്ചു മറവിളിരോഗടിയന്തിരപ്രശ്നമാണെന്ന ഗവർമ്മെൻറിനറിഞ്ഞുകൂടേ ?

ശ്രീ. ടി. കെ. നാരായണപിള്ള: പലസ്ഥലങ്ങളിലും ശുദ്ധജലം കിട്ടണമെന്നറിയാം.

ശ്രീ. എ. പി. ഉദയഭാനു: ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു പൊതുവെ എന്തെങ്കിലും ഒരു പദ്ധതി സ്വീകരിക്കണമെന്ന ഗവർമ്മെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുകൊണ്ടാണല്ലൊ പ്രത്യേകമായി അതിലേക്ക് ഒരു എൻജിനീയരെ വരുത്തിയിട്ടുള്ളതു്.

സ്വന്തമായി സ്ഥലവും ഗൃഹവും ഇല്ലാത്തവർ

*ക്വസ്റ്റ്യൻ. (ഇ) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ സ്വന്തമായി സ്ഥലവും ഗൃഹവും ഇല്ലാത്തവരായി എത്ര വീട്ടുകാരുണ്ടെന്നു പറയാമോ ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതുസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുവരുന്നു.

ശ്രീമതി ദേവകി ഗോപിദാസു്: വീടില്ലാത്തവരായ എല്ലാ ആളുകളുടേയും കണക്കെടുക്കാൻ ഒരു പദ്ധതി ഗവൺമെണ്ടു് രൂപീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

Sri. P. Balakrishnan Tampi: Is it going to succeed anytime within a millenium ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സാധിച്ചേക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വീടില്ലാത്തവരുടെ സ്ഥിതിവിവരക്കണക്കുകൾ എടുക്കാനായി ഒരു പദ്ധതിയുണ്ടെന്നു പറഞ്ഞു. ആ പദ്ധതി പ്രവർത്തനം നടത്തിയിട്ടു എത്രകാലമായി.

ശ്രീ. ടി. കെ. നാരായണപിള്ള: ആ പദ്ധതിപ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതു് ഈ അടുത്തകാലംമുതല്ക്കാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: വീടില്ലാത്തവർക്കു് വീടുവയ്ക്കുന്നതിനായി കുറെ സ്ഥലങ്ങളും മറ്റും വിട്ടുതരാമെന്നു് ഏതാനും ജന്മിമാരും മുതലാളിമാരും സമ്മതിച്ചുണ്ടായിരുന്നതനുസരിച്ചു എത്ര സ്ഥലങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയായ കണക്കു് പറയാൻ നിവൃത്തിയില്ലെങ്കിലും കുറെ സ്ഥലങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങനെ സ്ഥലം തന്നിട്ടുള്ളതു് രേഖാമൂലമായിട്ടാണോ, അതോ വാങ്ങ്മൂലമായിട്ടാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : വാങ്ങ്മൂലമായിട്ടുള്ള വാശ്വാനമാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : മങ്കൊമ്പിൽ കുളങ്ങരമഠത്തിൽ വിഷ്ണുപ്പോറ്റി അവർകൾ സ്ഥലം വിട്ടുതരാമെന്നു് പറഞ്ഞിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഇട്ടിര അമ്പുക്കൻ : ഗവണ്മെൻറിൻെറ അനുവാദം കൂടാതെ ആക്കെങ്കിലും സ്ഥലം കൊടുക്കാൻ പാടില്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ കൊടുക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : സ്ഥലം സൗജന്യമായിട്ടു് തരാമെന്നു പറഞ്ഞിട്ടുള്ളതു് ആവശ്യപ്പെട്ടതനുസരിച്ചോ അതോ ആവശ്യപ്പെടാതേയോ ?

ശ്രീ. ടി. കെ. നാരായണപിള്ള : രണ്ടുവിധത്തിലുമാണു് തരാമെന്നു പറഞ്ഞിട്ടുള്ളതു്.

ശ്രീ. വി. ഗംഗാധരൻ നായർ : ഈ കാരണം പറഞ്ഞു് ജന്മിമാർ പല സാധുക്കളേയും കുടിയിറക്കിവിട്ടതായി ഗവണ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

COMPLAINT AGAINST VETERINARY DIRECTOR

*1180. [6] **Sri. P. Thanulingam Nadar :** Will the Hon'ble the Chief Minister be pleased to state.—

(*a*) whether Covernment have received any complaint against the Veterinary Director in the matter of appointment of peons from one J. Maria Victor on 13th February 1951; and

(*b*) if so, what steps have been taken on it ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) Yes.

(*b*) The petition has been recorded, as the complaint is unfounded.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ ഡിപ്പാർട്ടുമെണ്ടിൽ നിയമനം നടത്തുന്നതു് ഡയറക്ടരാണോ അതോ പബ്ലിക്ക് സർവ്വീസ് കമ്മീഷണരാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പബ്ലിക്ക് സർവ്വീസ് കമ്മീഷണർ ആണു് നിയമനം നടത്തുന്നതു്.

നൽവിതരണം

*൨൨൫൨. (൭) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവു മറുപടി നൽകുമോ.—

(എ) ൧൯൫൩ ഒക്ടോബർ മുന്നാംതീയതിക്കുശേഷം നൽവിതരണം സഹകരണസംഘങ്ങൾ മുഖേന മാത്രമെ നടത്താവൂ എന്നു് ഗവണ്മെൻറു് ഉത്തരവു് ഉണ്ടോ;

(ബി) പരവൂരിലുള്ള മത്സ്യവ്യവസായികൾക്കു് നൽവിതരണം നടത്തുന്നതിനു ൧൯൫൩-ലെ നവമ്പർ കോട്ടാ വിതരണം നടത്തിയതും അവർ അംഗങ്ങളായുള്ളതുമായ ഒരു സഹകരണസംഘം ഉണ്ടായിരുന്നിട്ടും അതിനുശേഷം അവിടത്തേക്കുള്ള നൽവിതരണമെല്ലാം ഒരു വ്യക്തിമുഖേന നടത്തുന്നതിനുള്ള കാരണമെന്താണു്;

LIBRARY ARCHIVES Kerala Legislative Assembly